<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2944**</u> <u>**28-02-2023 - ൽ മറുപടിയ്ക്ക്**</u>

<u>**പൊതു ടാപ്പുകൾ മുഖേന വിതരണം ചെയ്യുന്ന ജലം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നഗരസഭകളിലും പഞ്ചായത്തുകളിലുമായി അനുവദിച്ചിട്ടുള്ള പൊതു ടാപ്പുകളുടെ എണ്ണം എത്രയെന്നും അവയിലൂടെ ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ അളവ് എത്രയാണെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ നഗരസഭകളിലും പഞ്ചായത്തുകളിലുമായി അനുവദിച്ചിട്ടുള്ള പൊതുടാപ്പുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.<br><br>പഞ്ചായത്ത് - 1,20,422<br><br>മുനിസിപ്പിലാറ്റി - 25,631<br><br>കോർപറേഷൻ - 16,052<br><br>ആകെ - 1,62,105<br><br>പൊതുടാപ്പുകൾ വഴി വിതരണം ചെയ്യുന്ന ജലം അളക്കുന്നതിനു മീറ്ററുകൾ ഘടിപ്പിച്ചിട്ടില്ല.<br><br>പഞ്ചായത്തു പ്രദേശത്തു ഒരു ടാപ്പിൽ കൂടി ഒരു ദിവസം ഒരു മിനുട്ടിൽ 5 ലിറ്റർ ജലം എന്ന കണക്കിൽ 8 മണിക്കൂർ വച്ച് ജലം വിതരണം ചെയ്യുന്നതായിട്ടാണ് കണക്കാക്ക പ്പെട്ടിരിക്കുന്നത്. കോർപറേഷൻ / മുനിസിപ്പൽ പ്രദേശത്തെ ഒരു ടാപ്പിൽ കൂടി ഒരു മിനുട്ടിൽ 5 ലിറ്റർ ജലം എന്ന കണക്കിൽ ഒരു ദിവസം 12 മണിക്കൂർ വിതരണം ചെയ്യുന്നതായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. |
| (ബി) | പൊതു ടാപ്പുകൾ വഴി ഉപേയാഗിക്കുന്ന ജലത്തിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ബിൽ നൽകുന്നുണ്ടോ; എങ്കിൽ എന്നു മുതലാണ് ഇപ്രകാരം ബിൽ നൽകാൻ ആരംഭിച്ചതെന്നും ആയത് വാർഷിക അടിസ്ഥാനത്തിലാണോ പ്രതിമാസ അടിസ്ഥാനത്തിലാണോ നൽകി വരുന്നതെന്നതും വ്യക്തമാക്കുമോ; | (ബി) | പൊതു ടാപ്പുകൾ വഴി ഉപയോഗിക്കുന്ന ജലത്തിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ബില്ല് നല്കുന്നുണ്ട്. 2007-2008 മുതലാണ് പ്രതിമാസ അടിസ്ഥാനത്തിൽ ഇപ്രകാരം ബിൽ നൽകാൻ ആരംഭിച്ചത്. |
| (സി) | പൊതു ടാപ്പുകളുടെ ബിൽ തുകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടിശിക | (സി) | പൊതു ടാപ്പുകളുടെ ബിൽ തുകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടിശിക |

| | | | |
|---|---|---|---|
| | വരുത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | | വരുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കുടിശ്ശിക വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത കുടിശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | പൊതുടാപ്പുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്ന തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കുടിശ്ശിക അടക്കണമെന്ന് കാണിച്ച് ഡിവിഷൻ തലത്തിൽ ബില്ലുകൾ നൽകി വരുന്നു. കൂടാതെ ഈ കുടിശ്ശിക പ്രസ്തുത പഞ്ചായത്തിൽ നിന്നും വസൂലാക്കി തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനങ്ങളെ ആംനെസ്റ്റി സ്കീമിൽ ഉൾപ്പെടുത്തി പരമാവധി പലിശയിളവ് അനുവദിച്ചു കൊണ്ട് വാട്ടർ ചാർജ് അടയ്ക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. |
| (ഇ) | 2021 , 2022, 2023 വർഷങ്ങളിൽ പൊതു ടാപ്പുകളുടെ വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഇ) | സർക്കാർ ഉത്തരവ് നമ്പർ G.O.(MS)No.9/2021/WRD dated 10-02-2021 പ്രകാരം 01/04/2021 മുതൽ 31/03/2022 വരെയുള്ള കാലഘട്ടത്തിലും 01/ 04/ 2022 മുതൽ 02/02/2023 വരെയുള്ള കാലഘട്ടത്തിലും വാട്ടർചാർജ് വർധിപ്പിച്ചിട്ടുണ്ട്. എന്നാൽ 03-02-2023 തീയതിയിലെ G.O.(MS)No.11/2023/WRD നമ്പർ ഉത്തരവ് പ്രകാരം 2023 ൽ പൊതുടാപ്പുകൾ ഉൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും വാട്ടർ ചാർജ് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| DISTRICT | TYPE | AMOUNT |
|---|---|---|
| ALAPPUZHA | Panchayat | 77,90,04,728 |
| | Municipality | 49,97,81,284 |
| | Corporation | - |
| ERNAKULAM | Panchayat | 55,47,66,185 |
| | Municipality | 23,23,97,603 |
| | Corporation | 83,84,38,829 |
| IDUKKI | Panchayat | 15,05,45,287 |
| | Municipality | 79,36,189 |
| | Corporation | - |
| KANNUR | Panchayat | 1,30,27,321 |
| | Municipality | 2,82,13,233 |
| | Corporation | 7,82,565 |
| KASARGOD | Panchayat | 5,44,87,132 |
| | Municipality | 17,71,592 |
| | Corporation | - |
| KOLLAM | Panchayat | 31,82,51,674 |
| | Municipality | 20,26,39,065 |
| | Corporation | 31,56,170 |
| KOTTAYAM | Panchayat | 3,44,63,033 |
| | Municipality | 28,52,37,880 |
| | Corporation | - |
| KOZHIKODE | Panchayat | 79,13,731 |
| | Municipality | 9,27,40,290 |
| | Corporation | 32,82,98,409 |
| MALAPPURAM | Panchayat | 5,40,90,796 |
| | Municipality | 27,80,83,004 |
| | Corporation | - |
| PALAKKAD | Panchayat | 34,19,82,378 |
| | Municipality | 54,12,64,449 |
| | Corporation | - |
| PATHANAMTHITTA | Panchayat | 13,29,97,024 |
| | Municipality | 1,33,37,277 |
| | Corporation | - |
| THIRUVANANTHAPURAM | Panchayat | 20,01,58,596 |
| | Municipality | 23,20,95,691 |
| | Corporation | 61,36,50,580 |
| THRISSUR | Panchayat | 20,72,24,608 |
| | Municipality | 60,45,37,518 |
| | Corporation | 11,47,50,411 |
| WAYANAD | Panchayat | 53,37,943 |
| | Municipality | 11,86,875 |
| | Corporation | - |
| TOTAL | | 777,45,49,350 |